**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1804** **12-09-2023 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികളുടെ എണ്ണത്തിലുള്ള കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പഠനം നടത്തുന്ന കുട്ടികളുടെ എണ്ണത്തിൽ കുറവു വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കേരളസർവകലാ ശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, മഹാത്മാഗാന്ധി സർവകലാശാല, കണ്ണൂർ സർവകലാശാല, മലയാള സർവകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല എന്നിവയ്ക്ക കീഴിലുള്ള കോളേജുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്. എന്നാൽ, സാങ്കേതിക സർവകലാശാല, കാലിക്കറ്റ് സർവ കലാശാല എന്നിവയുടെ കീഴിലുള്ള കോളേജുകളിൽ പഠിയ്ക്കുന്ന വിദ്യാർത്ഥി കളുടെ എണ്ണത്തിൽ വർദ്ധനവും ഉണ്ടായി ട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്കിനുള്ള കാരണം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉന്നതവിദ്യാഭ്യാസരംഗത്ത് സ്റ്റുഡൻറ് മൊബിലിറ്റിയിൽ ദൃശ്യമായ മാറ്റങ്ങൾ പഠിക്കുവാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ പ്രൊഫ. ഗോപിനാഥ് രവീന്ദ്രൻ (വൈസ് ചാൻസലർ, കണ്ണൂർ യൂണിവേഴ്സിറ്റി) അദ്ധ്യക്ഷനായ ഒരു സമിതി, 'Committee on Student Mobility and Expectations' രൂപീകരിച്ച് പ്രവർത്തിച്ചുവരികയാണ്.<br><br>വിദ്യാർത്ഥി കുടിയേറ്റം ഒരു ആഗോള പ്രതിഭാസമാണ്. തുടർ പഠനത്തിനും തൊഴിലിനും വേണ്ടി വിദ്യാർത്ഥികൾ ഇന്ത്യയിൽ നിന്ന് വിവിധ വിദേശ രാജ്യങ്ങളിലേയ്ക്ക് കുടിയേറുന്നതായി വിവിധ റിപ്പോർട്ടുകൾ പുറത്ത് വരുന്നുണ്ട് (eg. India Migration Report). ഇത് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും സ്ഥാപനങ്ങളിലും പ്രകടമാണ്. |
| (സി) | എങ്കിൽ കഴിഞ്ഞ അക്കാദമിക് വർഷം എത്ര സീറ്റുകളിലാണ് കുറവ് രേഖപ്പെടുത്തിയതെന്നറിയിക്കാമോ; | (സി) | 2021-22 വർഷത്തെ അപേക്ഷിച്ച് കഴിഞ്ഞ അക്കാദമിക വർഷം കുറവു രേഖപ്പെടുത്തിയ സീറ്റുകളുടെ സർവ്വകലാശാല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br><br>**<u>സർവ്വകലാശാല</u> <u>യു. ജി.</u> <u>പി. ജി.</u>** |

| | | | |
|---|---|---|---|
| | | | കേരള സർവ്വകലാശാല 2830 -<br><br>സംസ്കൃത സർവ്വകലാശാല 240 453<br><br>കണ്ണൂർ സർവ്വകലാശാല 84 480<br><br>മഹാത്മാഗാന്ധി സർവ്വകലാശാല 3190 468<br><br>മലയാള സർവ്വകലാശാല - 19<br><br>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല 182 43 |
| (ഡി) | സംസ്ഥാനത്തെ തൊഴിൽ അവസരങ്ങളുടെ കുറവാണോ കൊഴിഞ്ഞുപോക്കിന് കാരണമെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | പ്രൊഫ. ഗോപിനാഥ് രവീന്ദ്രന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി പ്രശ്നത്തിന്റെ എല്ലാ വശങ്ങളും പരിശോധിക്കുന്നുണ്ട്. |
| (ഇ) | ഉന്നത വിദ്യാഭ്യാസ മേഖല കൂടുതൽ ആകർഷകമാക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിക്കുന്നത്; വിശദമാക്കാമോ? | (ഇ) | ഉന്നതവിദ്യാഭ്യാസമേഖല കൂടുതൽ ആകർഷകമാക്കാൻ താഴെപ്പറയുന്ന വിവിധ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു:<br><br>1. നാലുവർഷ ബിരുദ പ്രോഗ്രാമുകൾക്ക് ആവശ്യമായ കരിക്കുലം ചട്ടക്കൂട് തയ്യാറാക്കി സർവ്വകലാശാലകൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ തൊഴിൽ പരിചയം, ഗവേഷണം എന്നിവയ്ക്ക് ഊന്നൽ നൽകിയിട്ടുണ്ട്.<br><br>2. സർവ്വകലാശാലകളിൽ സെന്റർ ഓഫ് എക്സലൻസ് (CoE), ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ (TRC), ഇന്നവേഷൻ/ഇൻക്യുബേഷൻ/സ്റ്റാർട്ട് അപ്പ് കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള നടപടികൾ.<br><br>3. ഗവേഷണത്തിന് പ്രോത്സാഹനമായി മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾ.<br><br>4. സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻതലമുറ പ്രോഗ്രാമുകൾ.<br><br>5. സർവ്വകലാശാലകളിൽ സാങ്കേതിക വിദ്യാധിഷ്ഠിതമായുള്ള ആധുനികവത്ക്കരണം.<br><br>6. കിഫ്ബിയുടെ ധനസഹായത്തോടുകൂടി സർവ്വകലാശാലകളിൽ ലബോറട്ടറികളും മറ്റ് അടിസ്ഥാന വികസന പദ്ധതികളും. |

സെക്ഷൻ ഓഫീസർ